# <u>പതിമൂന്നാം കേരള നിയമസഭ</u>

## <u>ആറാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ: 658 | 11.12.2012-ൽ<br>മറുപടിക്ക്. |

## <u>'എമർജിങ്ങ് കേരള' നേട്ടങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)കൊച്ചിയിൽ സംഘടിപ്പിച്ച 'എമർജിങ്ങ് കേരള' കൊണ്ട് വ്യവസായ മേഖലയ്ക്ക് പൊതുവിലുണ്ടായ നേട്ടങ്ങളെന്തെല്ലാമാണ്;<br><br>(ബി)പുതിയ ഏതെല്ലാം നിക്ഷേപങ്ങളാണ് ഇത് വഴി ഉണ്ടാകുവാൻ പോകുന്നത്; | (എ) & (ബി) കേരളത്തിലെ സാധ്യതകളും അവസരങ്ങളും ലോകത്തിനു മുന്നിൽ അവതരിപ്പിച്ച് സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ 'എമർജിംഗ് കേരള' സംഗമം സംഘടിപ്പിച്ചത്. വ്യവസായം, ഐടി, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം, കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് ആന്റ് ടെക്നോളജി, ഉന്നത വിദ്യാഭ്യാസം, തുറമുഖം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തുന്നതിനായി നിരവധി നിക്ഷേപകരും കമ്പനികളും പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയിലാണ്. |

(സി)എമർജിങ്ങ് കേരളയുടെ തുടർ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്; വിശദമാക്കുമോ ?

(സി) ഇതിന്റെ തുടർനടപടികൾ കൈക്കൊള്ളുന്ന തിലേക്കായി മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ കൗൺസിൽ.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 'എമർജിംഗ് കേരള'യിലൂടെ വരുന്ന ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുകയാണ് ഈ ബോർഡിന്റെ ചുമതല.

**സെക്ഷൻ ഓഫീസർ**